# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.568** **29.01.2019-ൽ മറുപടിക്ക്**

## പ്രളയം മൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രളയം മൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) | പ്രളയവും കാലാവർഷക്കെടുതിയും മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുത ഉല്പാദനമേഖലയിൽ 80.85 കോടി രൂപയുടെയും, പ്രസരണ മേഖലയിൽ 29.77 കോടി രൂപയുടെയും വിതരണമേഖലയിൽ 242.45 കോടി രൂപയുടെയും നഷ്ടവും. ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ എസ് ഇ ബി ലിമിറ്റഡിന് വന്നിട്ടുണ്ട്.<br>ഇതിനുപുറമേ പ്രളയത്തെ തുടർന്ന് കെ എസ് ഇ ബിയുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നഷ്ടം എങ്ങനെ പരിഹരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ? | (ബി) | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത പരിഹാര നിധിയിൽ നിന്നും 85.03 കോടി രൂപ കെ എസ് ഇ ബി ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്. നഷ്ട പരിഹാര തുക നേടിയെടുത്തും പ്രവർത്തന ചെലവുകൾ കുറച്ചും നാശനഷ്ടങ്ങൾ പരിഹരിക്കാൻ അത്യാവശ്യമായ നിർമ്മാണ പരിപാലന ചെലവുകൾക്ക് റഗുലേറ്ററി കമ്മീഷനിൽ നിന്നും അനുമതി നേടിയും മേൽ നഷ്ടം നികത്താൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ